(സി) സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു :

(1) കെഎസ്ആർടിസി-യുടെ എല്ലാത്തരം ബസ്സുകളിലും സ്വാതന്ത്ര്യസമര സേനാനികൾക്കും അവരുടെ വിധവകൾക്കും സൗജന്യ യാത്രാസൗകര്യം അനുവദിച്ചിട്ടുണ്ട്. കേന്ദ്ര പെൻഷൻ ലഭിക്കുന്നവർക്ക് ട്രെയിനിലും യാത്രാ സൗജന്യം അനുവദിച്ചിട്ടുണ്ട്.

(2) സ്വാതന്ത്ര്യ സമര സേനാനികൾക്കും അവരുടെ ആശ്രിതർക്കും സർക്കാർ ആശുപത്രികളിൽ മെഡിക്കൽ കാർഡിന്റെ അടിസ്ഥാനത്തിൽ സൗജന്യ വൈദ്യസഹായം നൽകിവരുന്നു. ഇതിനുപുറമെ മരുന്നുകൾക്ക് റീ-ഇംബേഴ്സ്മെന്റ് ആനുകൂല്യവും ലഭ്യമാണ്. കൂടാതെ ശ്രീ ചിത്തിരതിരുനാൾ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ ചികിത്സയ്ക്ക് റി-ഇംബേഴ്സ്മെന്റ് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

(3) സ്വാതന്ത്ര്യ സമര സേനാനികൾക്കും അവരുടെ പെൻഷൻ ലഭിക്കുന്ന വിധവകൾക്കും ഗാർഹിക വൈദ്യുതി കണക്ഷൻ സ്പെഷ്യൽ കാറ്റഗറിയിൻ കീഴിൽ ലഭിക്കുന്നതിന് (out of turn priority) അർഹതയുണ്ട്.

(4) സ്വാതന്ത്ര്യ സമര സേനാനികൾക്കും അവരുടെ പെൻഷൻ ലഭിക്കുന്ന വിധവകൾക്കും Non OYT/SWS വിഭാഗത്തിൽ കീഴിൽ സാങ്കേതിക സാധ്യതകൾക്ക് വിധേയമായി ഒരു ടെലിഫോൺ കണക്ഷൻ ലഭിക്കുന്നതിനും അർഹതയുണ്ട്.

(5) സ്വാതന്ത്ര്യ സമര സേനാനിയുടെ മരണാനന്തര ചെലവുകൾക്കായി 3000 രൂപ നൽകിവരുന്നു.

## വടകര-മാഹി കനാൽ

**27 (1568)** ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ വകുപ്പിന് കീഴിലുള്ള ജലപാത വികസന പദ്ധതിയിൽ ഉൾപ്പെട്ട വടകര-മാഹി കനാൽ നിർമ്മാണത്തിനുള്ള പ്രാരംഭ പ്രവർത്തനങ്ങളും സ്ഥലമെടുപ്പും ഏത് വർഷത്തിലാണ് ആരംഭിച്ചതെന്നും തുടർന്നിങ്ങോട്ട് സർക്കാർ നടത്തിയ പ്രവർത്തനങ്ങളും വ്യക്തമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള അവഗണന കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

## ഉത്തരം

(എ&ബി) വടകര-മാഹി കനാലിന് വേണ്ടി 1957-ൽ സാദ്ധ്യതാപഠനം നടത്തുകയും 1959-ൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും ചെയ്തു. 1959-61-ൽ അലൈൻമെന്റ് പൂർത്തിയായി. 12-1-1965-ലെ 3/IWT/60/56-ാം നമ്പർ ഉത്തരവ് പ്രകാരം കേന്ദ്ര സർക്കാർ 68 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി

LIBRARY ARCHIVES Kerala Legislative Assembly

നൽകുകയുണ്ടായി. 1965-ൽ തന്നെ 17.40 കി.മീ. കനാലിന് വേണ്ടിയുള്ള സ്ഥലമെടുപ്പ് പൂർത്തിയാക്കുകയും വ്യത്യസ്ത ഭാഗങ്ങളിലായി വിവിധ ഏജൻസികൾ മുഖേന ഉത്ഖനന പ്രവൃത്തികൾ (എസ്കവേഷൻ) താഴെ വിവരിക്കും പ്രകാരം ചെയ്തിട്ടുണ്ട് :

0 കി.മീ മുതൽ 3.54 കി.മീ. വരെ-ഭാഗികം

3.54 കി.മീ മുതൽ 5.79 കി.മീ. വരെ-കനാൽ കുഴിച്ചു.

5.79 കി.മീ മുതൽ 9.53 കി.മീ. വരെ-ഭാഗികം

9.53 കി.മീ മുതൽ 12.44 കി.മീ. വരെ -ഇല്ല

12.44 കി.മീ മുതൽ 14.16 കി.മീ. വരെ - കനാൽ കുഴിച്ചു.

14.16 കി.മീ മുതൽ 17.40 കി.മീ. വരെ-ഇല്ല

'0' ചെയിനേജിൽ റഗുലേറ്റർ-കം-ലോക്ക് നിർമ്മിച്ചു.

1967 ജൂൺ മാസത്തോടെ കേന്ദ്ര സർക്കാർ ഫണ്ടിന്റെ ലഭ്യത തീർന്നതോടെ പണികൾ സ്തംഭനാവസ്ഥയിലായി. 1967 വരെ 40.20 ലക്ഷം രൂപയും തുടർന്നിങ്ങോട്ട് നാളിതുവരെ 17 ലക്ഷം രൂപയും മെയിന്റനൻസിനും കനാൽ നിർമ്മിച്ച സ്ഥലങ്ങളിലെ ജനങ്ങളുടെ ആവശ്യാർത്ഥം നടപ്പാലങ്ങൾ നിർമ്മിക്കുന്നതിലേക്കുമായി ചെലവായിട്ടുണ്ട്.

**കണ്ണൂർ വിമാനത്താവളത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്ന പ്രവർത്തനം**

**28 (1569)** ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ദിഷ്ട കണ്ണൂർ വിമാനത്താവളത്തിനുവേണ്ടി മൂന്നാം ഘട്ടത്തിൽ എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) സ്ഥലം ഏറ്റെടുക്കുന്നതിന് വേണ്ടി ആരംഭിച്ച 2 എൽ.എ. ഓഫീസുകളുടെ പ്രവർത്തനം നിർത്തിവച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ മൂന്നാംഘട്ട ഭൂമി ഏറ്റെടുക്കൽ പ്രക്രിയ ത്വരിതഗതിയിൽ ആക്കുന്നതിനുവേണ്ടി ഇത് പുനഃസ്ഥാപിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിർദ്ദിഷ്ട കണ്ണൂർ വിമാനത്താവള സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് മൂന്നാം ഘട്ടത്തിൽ 783 ഏക്കർ ഭൂമിയാണ് ഏറ്റെടുക്കുന്നത്.

(ബി&സി) എൽ.എ. ഓഫീസുകൾ നിർത്തിവച്ചിട്ടില്ല. 3-12-2010-ലെ ജി.ഒ (സാധാ) നം. 5215/2010 ആർ.ഡി പ്രകാരം അവയുടെ പ്രവർത്തനം 31-3-2011 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly